പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2280

10.10.2011-ൽ
മറുപടിയ്ക്ക്

**<u>ശബരിമല മാസ്റ്റർപ്ലാൻ</u>**

<u>ചോദ്യം</u>

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. അച്ചുതൻ
ശ്രീ. വർക്കല കഹാർ
ശ്രീ. വി. റ്റി. ബൽറാം

<u>ഉത്തരം</u>

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള വിവിധ പദ്ധതികൾ മുൻഗണനാ ക്രമമനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡും, അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) അദ്ധ്യക്ഷനായുള്ള ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുവാൻ രൂപവൽക്കരിച്ചിട്ടുള്ള ഹൈപവർ കമ്മിറ്റിയും ചേർന്ന് നടത്തി വരുന്നു.

(ബി) ശബരിമല മാസ്റ്റർ പ്ലാനിന്റെ റോഡുപണി ഉൾപ്പെടെയുള്ള ഒന്നാംഘട്ട വികസനത്തിനുള്ള പണികൾ പൂർത്തിയാക്കാൻ ആരെയാണ് ഏല്പിച്ചിട്ടുള്ളത്;

(സി) മാസ്റ്റർപ്ലാൻ പൂർത്തിയാക്കാൻ വിവിധ വകുപ്പുകളുടെ ഏജൻസികളുമായി സഹകരിച്ച് പണികൾ ഏല്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) & (സി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഹൈപവർ കമ്മിറ്റി നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

1) നിലയ്ക്കൽ ഇടത്താവളത്തിലെ അപ്രോച്ച് റോഡും പാർക്കിംഗ് ഏരിയാകളും – ബി.വി.എസ്.ആർ. കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദ്രാബാദ്.
2) ശബരിമല ദർശനം കഴിഞ്ഞ് തീർത്ഥാടകർക്ക് പമ്പയിലേക്ക് മടങ്ങുന്നതിനുള്ള ബെയ്‌ലി ബ്രിഡ്ജ് – മിലിറ്ററി എൻജിനീയർ ഗ്രൂപ്പ് ആൻറ് സെൻറർ
3) ബെയ്‌ലി ബ്രിഡ്ജിൻെറ അപ്രോച്ച് റോഡും അബട്ട്മെൻറ്സും – കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
4) തീർത്ഥാടകർക്ക് ക്യൂ നിൽക്കുന്നതിനും, വിശ്രമിക്കുന്നതിനും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും സൗകര്യങ്ങൾ ഉള്ള പൈലറ്റ് ക്യൂ കോംപ്ലക്സ് – സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ്, തൃശ്ശൂർ

സെക്ഷൻ ഓഫീസർ